# Malayala Manorama
# 29 August 2018
# Kalamassery, Flood, Rescue Operation

## രക്ഷകൻ പോയി, റസിയയ്ക്കും കുട്ടികൾക്കും രക്ഷ വേണം

**രക്ഷാ പ്രവർത്തനത്തിനിടയിൽ മുങ്ങിമരിച്ച അബ്ദുൽ ജലീലിന്റെ കുടുംബം അനാഥം**



രക്ഷാപ്രവർത്തനത്തിനിടെ മരിച്ച അബ്ദുൽ ജലീൽ കുടുംബത്തോടൊപ്പം (ഫയൽ ഫോട്ടോ)

**കളമശേരി** ● പ്രളയ ജലത്തിൽ ജീവനായി കൈകാലിട്ടടിച്ചു മരണത്തോടു മല്ലിട്ട മൂന്ന് യുവാക്കളെ രക്ഷപ്പെടുത്തുന്നതിനിടെ മുങ്ങിമരിച്ച വട്ടേക്കുന്നം വേഴപ്പിള്ളി അബ്ദുൽ ജലീലിന്റെ ഭാര്യയും മൂന്നു മക്കളും വിധിക്കു മുന്നിൽ പകച്ചു നിൽക്കുകയാണ്. സ്നേഹം വാരിക്കോരി നൽകിയ വാപ്പയില്ലാത്ത ലോകമാണ് മുന്നിലുള്ളതെന്ന് ഇപ്പോഴും അവർക്കു വിശ്വസിക്കാൻ കഴിഞ്ഞിട്ടില്ല.

വിവാഹ പ്രായമെത്തിയ രണ്ടു പെൺമക്കളടക്കം മൂന്നു മക്കളെയും നെഞ്ചോടു ചേർത്തുപിടിച്ചു ദുഃഖം മറക്കാൻ പാടുപെടുകയാണ് അബ്ദുൽ ജലീലിന്റെ ഭാര്യ റസിയ.

ഇടപ്പള്ളി സർവീസ് സഹകരണ ബാങ്കിൽ നിന്നു രണ്ടര ലക്ഷത്തോളം രൂപ വായ്പയെടുത്തു വാങ്ങിയ ഓട്ടോ ടാക്സി ഓടിച്ചാണ് അബ്ദുൽ ജലീൽ കുടുംബം പുലർത്തിയിരുന്നത്. വായ്പാത്തുക തിരിച്ചടയ്ക്കാൻ എന്തു ചെയ്യുമെന്നു റസിയയ്ക്കറിയില്ല. മൂത്ത മകൾ അൻവറ താജ് സമീപത്തെ സ്വകാര്യ കമ്പനിയിൽ അപ്രന്റീസ് ട്രെയിനിയാണ്. മറ്റൊരു മകൾ അൻവറ തസ്നി പ്ലസ് ടു വിദ്യാർഥിയാണ്. മകൻ അമീൻ തൗഫീക് പ്ലസ് വൺ വിദ്യാർഥിയാണ്. മറ്റു വരുമാന മാർഗമില്ല.

എല്ലാവരെയും സഹായിക്കുന്ന മനസ്സായിരുന്നു അബ്ദുൽ ജലീലിന്റേത്. അപകടത്തിലേക്കു നയിച്ചതും ആ നല്ല മനസ്സാണ്. 16നു രാത്രി പ്രളയജലം മുട്ടാർപുഴയിൽ നിന്ന് ഇടപ്പള്ളി തോട്ടിലേക്കു ഇരച്ചു കയറിയപ്പോൾ തോടിനു സമീപമുള്ള ജലീലിന്റെ വീട്ടിലേക്കും വെള്ളം കയറി. ഭാര്യയെയും മക്കളെയും സുരക്ഷിതമായി രാത്രിതന്നെ ബന്ധുവീട്ടിലാക്കി. 17നു രാവിലെ വീട്ടിലെ സാധനങ്ങൾ സുരക്ഷിത സ്ഥാനത്താക്കി മടങ്ങുമ്പോഴാണ് ഇന്ദിരാജി പാലത്തിനു സമീപം വെള്ളത്തിൽ കളിച്ചുകൊണ്ടിരുന്ന മൂന്ന് യുവാക്കൾ ഒഴുക്കിൽപ്പെട്ടു കൈകാലിട്ടടിക്കുന്നതു ജലീലിന്റെ ശ്രദ്ധയിൽ പെട്ടത്. ഒട്ടും അമാന്തിക്കാതെ യുവാക്കളെ രക്ഷപ്പെടുത്താൻ ജലീൽ തോട്ടിലേക്കു ചാടുകയായിരുന്നു.

യുവാക്കളെ രക്ഷപ്പെടുത്തിയ ശേഷം തിരികെ നീന്തിയ ജലീൽ കൈകാലുകൾ കുഴഞ്ഞ് മുങ്ങിത്താഴുകയായിരുന്നു. കരയിൽ നിന്നവർ കയറിട്ടു നൽകി രക്ഷപ്പെടുത്താൻ നടത്തിയ ശ്രമം വിഫലമാവുകയായിരുന്നു. നാട്ടുകാരും ബന്ധുക്കളും നടത്തിയ തിരച്ചിലിൽ പിറ്റേന്നു രാത്രിയാണ് ജലീലിന്റെ മൃതദേഹം കണ്ടെത്തിയത്.